**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** **02-02-2024 - ൽ മറുപടിയ്ക്ക്**

**റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ റബ്ബർ വിലസ്ഥിരതാ ഫണ്ട് കിലോയ്ക്ക് 250 രൂപയാക്കുമെന്ന വാഗ്ദാനം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വില സ്ഥിരതാ ഫണ്ട് 170/- രൂപയിൽ നിന്നും 250/-രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടുകൊണ്ട് പലതവണകളായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെയായി അനുകൂലമായ മറുപടിയൊന്നും ലഭിച്ചില്ല . |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റബ്ബർ വിലസ്ഥിരതാ പദ്ധതി വഴി കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം RSS-1, 2, 3, 4, 5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനം പ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില റബ്ബറിന്റെ ഉൽപാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 240.60 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. |
| (സി) | റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ | (സി) | റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ റബ്ബർ ബോർഡ് മുഖേനയാണ് നടപ്പിലാക്കി |

| | | | |
|---|---|---|---|
| | ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | | വരുന്നത്. ഇതാദ്യമായി 2024-25 വർഷം മുതൽ 2375 കോടി രൂപ അടങ്കലിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരളാ കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി (കേര) യിലൂടെ റബ്ബർ കർഷകർക്ക് 300 കോടിയോളം രൂപയുടെ ധനസഹായം നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. റബ്ബർ റീപ്ലാന്റേഷനുള്ള സഹായം, റബ്ബർ നഴ്സറികൾക്കുള്ള സഹായം, റബ്ബർ കർഷകർക്കുള്ള പാർഷ്യൽ ക്രഡിറ്റ് ഗ്യാരണ്ടി സപ്പോർട്ട് സ്കീം തുടങ്ങിയവ കേര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ